




ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

**സംസ്ഥാന ഔഷധസസ്യ ബോർഡ്**

തിരുവമ്പാടി പി.ഒ., ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ -22

: 0487 2323151 | ഫാക്സ്: 0487 2323151

റീജിയണൽ ഓഫീസ് :

ARI ക്യാമ്പസ്, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 695 012

: 0471 2347151 | ഫാക്സ് : 0471 2347151

E- mail : smpbkerala@gmail.com | Website: smpbkerala.org


NATIONAL MEDICINAL PLANTS BOARD
Plants for Health & Prosperity

GOVERNMENT OF KERALA



*Justicia adhatoda* - ആടലോടകം

STATE MEDICINAL PLANTS BOARD KERALA

# സംസ്ഥാന ഔഷധസസ്യ ബോർഡ്

ആയുഷ് വകുപ്പ്, കേരള സർക്കാർ



*Cassia fistula* - കണിക്കൊന്ന



"സസ്യം ജീവനൗഷധം
മൃത്യുവിൻ വഴി മാറ്റിടും
ഭൂമി നന്ദനമാക്കുവാൻ
സസ്യലോകത്തെ വാഴ്ത്തുക"

## സംസ്ഥാന ഔഷധസസ്യ ബോർഡ്

കേന്ദ്രസർക്കാർ ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ 2000 നവംബറിൽ രൂപികരിച്ച് ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ദേശീയ ഔഷധസസ്യ ബോർഡ്. ഇതിനൊടുബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ തൃശൂർ ആസ്ഥാനമായി ആരോഗ്യവകുപ്പിനു കീഴിൽ 2002 മാർച്ചിൽ സംസ്ഥാന ഔഷധസസ്യ ബോർഡ് നിലവിൽ വന്നു. ബഹു. ആരോഗ്യ വകുപ്പു മന്ത്രിയാണ് ബോർഡിന്റെ അധ്യക്ഷൻ.

## ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ

ഔഷധസസ്യങ്ങളെ സംബന്ധിച്ച് വിവിധ വകുപ്പുകളും, ഏജൻസികളും നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഏകോപനം, നയരൂപീകരണം, പ്രവർത്തനക്രമങ്ങൾ ചിട്ടപ്പെടുത്തൽ, മറ്റ് അനുബന്ധപ്രവർത്തനങ്ങൾ എന്നിവയ്ക്ക് സംസ്ഥാന തലത്തിൽ രൂപം നൽകുക.

ഔഷധസസ്യകൃഷിയുടെ പ്രാധാന്യം, അനിവാര്യത, സംരക്ഷണം, ഉപയോഗം, വിപണനം, ഗവേഷണം, കൃഷി പ്രോത്സാഹനം, പരിപോഷണ പ്രവർത്തനങ്ങൾ എന്നീ കാര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ, കർഷകർ എന്നിവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയവ ബോർഡിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.



*Saraca asoca* - അശോകം



## പദ്ധതികൾ

**ദേശീയ ഔഷധസസ്യ ബോർഡ് രണ്ടു തരം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്.**

**1. ഔഷധസസ്യങ്ങളെ സംബന്ധിച്ച പരിപോഷണപ്രവർത്തനങ്ങൾ**

**2. വാണിജ്യാടിസ്ഥാനത്തിലുള്ള ഔഷധസസ്യകൃഷി**

ഔഷധസസ്യങ്ങളെ സംബന്ധിച്ച പരിപോഷണ പ്രവർത്തനങ്ങളാണ് നിലവിൽ സംസ്ഥാന ഔഷധസസ്യ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതി പ്രധാനമായും സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സർക്കാരേതര സ്ഥാപനങ്ങൾക്കും വേണ്ടിയുള്ളതാണ്. ഈ പദ്ധതി പ്രകാരം 50% മുതൽ 100% വരെ ധനസഹായം പ്രതീക്ഷിക്കാവുന്നതാണ്.





ഔഷധസസ്യങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം, മികച്ച ഇനം നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, സംരക്ഷണം, വിജ്ഞാനവ്യാപനം, ഔഷധസസ്യോദ്യാന നിർമ്മാണം, ബോധവൽക്കരണം തുടങ്ങി പരിപോഷണപ്രവർത്തനങ്ങൾക്ക് ധനസഹായം ലഭിക്കും.





ധനസഹായം ലഭ്യമാകുന്നതിന് നിർദ്ദിഷ്ടമാതൃകയിൽ പദ്ധതികൾ സമർപ്പിക്കേണ്ടതാണ്. ഇതിനുള്ള അപേക്ഷാഫോറവും മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ലഘുലേഖയും സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ തൃശൂർ / തിരുവനന്തപുരം ഓഫീസുകളിൽ നിന്നും, www.smpbkerala.org എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.



